# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ: ഇ.ബി (1) 1/2017

തിരുവനന്തപുരം, തീയതി: 26.09.2017
website :www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സീനിയർ ഇൻസ്പെക്ടർ ശ്രീ. എൻ. നാഗരാജന് അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് കെ.എസ്&എസ്.എസ്.ആർ റൂൾ 9 (ഡി) പ്രകാരം ഔട്ട് ഓഫ് ടേൺ വ്യവസ്ഥയിൽ ഉദ്യോഗകയറ്റം നൽകികൊണ്ടുളള സർക്കാർ ഉത്തരവ് – ഉദ്യോഗകയറ്റം നൽകി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം : സ.ഉ.(സാധാ) നം. 406/2017/സഹ: തീയതി, 01.08.2017.

മേൽ പരാമർശ ഉത്തരവ് പ്രകാരം, ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സീനിയർ ഇൻസ്പെക്ടർ ശ്രീ. എൻ. നാഗരാജന് അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II റൂൾ 9 (ഡി) പ്രകാരം ഔട്ട് ഓഫ് ടേൺ വ്യവസ്ഥയിൽ, പാലക്കാട് ജില്ലയിലെ തമിഴ് ഭാഷാന്യൂന പക്ഷ മേഖലയിൽ തമിഴ് ഭാഷാ പരിജ്ഞാനം അനിവാര്യമായതിനാൽ, അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, സീനിയർ ഇൻസ്പെക്ടർ ശ്രീ. എൻ. നാഗരാജന് അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ചുകൊണ്ട് ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ സീനിയർ ഇൻസ്പെക്ടർ ശ്രീ. എൻ. നാഗരാജനെ കെ.എസ്.&എസ്.എസ്.ആർ. പാർട്ട് റൂൾ II 9 (ഡി) പ്രകാരം താത്കാലിക സ്ഥാനകയറ്റം നൽകി പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ശ്രീ. എൻ. നാഗരാജൻ പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) തസ്തികയുടെ ചുമതല പാലക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)–ൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥനെ ഉയർന്ന തസ്തികയിൽ പ്രൊബേഷണറായി കണക്കാക്കുകയോ, പിന്നീടുളള നിയമനങ്ങളിൽ എന്തെങ്കിലും പ്രത്യേക അവകാശത്തിന് പരിഗണിക്കുകയോ ചെയ്യുന്നതല്ല.

ടി ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ആഫീസർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികകളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം,സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായും അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക. ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ

വ്യക്തികൾക്ക് : (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ്: –

1) അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി സഹകരണ(എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
4) ജോയിന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്
5) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പാലക്കാട്
6) സഹകരണ സംഘം രജിസ്ട്രാറുടെ പി.എ. യ്ക്ക്
5) ജില്ലാ ട്രഷറി ആഫീസർ, പാലക്കാട്
6) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)